THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

Revision

Grade-X

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കുന്നതല്ല. ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ആദ്യ 10 മിനുട്ട് ഉപയോഗിക്കാം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ക്രമനമ്പർ കൃത്യമായി രേഖപ്പെടുത്തുക.
- ഓരോ വിഭാഗത്തിലെയും നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

## എ വിഭാഗം

**I. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (4x1=4)**

പ്രശസ്ത മാധ്യമ പണ്ഡിതനും ചരിത്രകാരനുമായ റോബിൻ ജെഫ്രിയുടെ അഭിപ്രായത്തിൽ ചെരുപ്പിന്റെ കണ്ടുപിടുത്തത്തിനുശേഷം മനുഷ്യർ തമ്മിലുള്ള അകലങ്ങളെയും വിനിമയത്തെയും അതുവഴി പൊതുജീവിതത്തെയും വിപ്ലവകരമായ രീതിയിൽ മാറ്റിമറിച്ച കണ്ടുപിടിത്തമാണ് മൊബൈൽ ഫോണിന്റേത്. ഇത്രയാഴത്തിലും പരപ്പിലും വേഗത്തിലും സമൂഹത്തിലെ സകല തട്ടുകളിലേക്കും പടരുകയും വ്യവഹാരങ്ങളെയാകെ രൂപപ്പെടുത്തുകയും ചെയ്ത മറ്റൊരു ഉപകരണമില്ല. അതിനു മുമ്പു വന്ന റേഡിയോ, ടെലിഗ്രാഫ്, ഭൂതലഫോൺ, ടെലിവിഷൻ തുടങ്ങിയ ഉപകരണങ്ങളെല്ലാം തന്നെ വിവര വിശ്ലേഷണ രംഗത്ത് വിപ്ലവം സൃഷ്ടിച്ചപ്പോഴും ഭരണകൂടം, വൻ കോർപ്പറേറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവ ആയിരുന്നു അതിന്റെ ഉടമസ്ഥരും പ്രയോക്താക്കളും. വമ്പിച്ച മുതൽ മുടക്കും സാങ്കേതികജ്ഞാനവും വേണ്ടിയിരുന്നതും കേന്ദ്രീകൃതമായി മാത്രം പ്രവർത്തിക്കുന്നതുമായ വിനിമയ പ്രയോഗങ്ങളായിരുന്നു അവ. അതുകൊണ്ടുതന്നെ അവയ്ക്ക് കേന്ദ്രീകൃതമായ നിയന്ത്രണവും അനിവാര്യമായിരുന്നു. ഇന്ത്യയിൽ ഒരു വീട്ടിൽ റേഡിയോ കൈവശം വയ്ക്കാൻ ലൈസൻസ് വേണ്ടിയിരുന്ന കാലം കഴിഞ്ഞിട്ട് നാലു പതിറ്റാണ്ടുകളേ ആയിട്ടുള്ളൂ. കാൽ നൂറ്റാണ്ടു മുമ്പു വരെ, ഇന്ത്യയിൽ ഭൂതല ഫോണിനുള്ള വെയിറ്റിങ്ങ് ലിസ്റ്റ് ലക്ഷങ്ങളായിരുന്നു. എന്നാൽ മൊബൈൽ ഫോണിന്റെ കാലത്ത് കാര്യങ്ങൾ തകിടം മറിഞ്ഞിരിക്കുന്നു. ഇന്ന് നിരവധി ഫോൺ കമ്പനിക്കാർ വരിക്കാരെ തങ്ങളുടെ വലയത്തിലേക്ക് ആകർഷിക്കാൻ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. ആരെ ഒഴിവാക്കാം എന്നതുവിട്ട് ആരെയൊക്കെ, എങ്ങനെയൊക്കെ, എന്തൊക്കെ പ്രലോഭനങ്ങൾ നൽകി ഒരു ഫോണുടമയാക്കാം എന്നതാണ് ഇന്നത്തെ അവരുടെ ലക്ഷ്യം.

1. റേഡിയോ, ടെലിവിഷൻ തുടങ്ങിയവ കേന്ദ്രീകൃതമായി നിയന്ത്രിക്കപ്പെടുന്നതിനുള്ള കാരണമായി പറയാൻ സാധിക്കാത്തത് ഏതാണ്?
   a. വമ്പിച്ച മുതൽ മുടക്ക്
   b. സാങ്കേതികജ്ഞാനം വേണം
   c. കേന്ദ്രീകൃതമായി മാത്രം പ്രവർത്തിക്കുന്നു
   d. ജനങ്ങളുടെ അപ്രീതി
2. ഭൂതല ഫോണിനു പകരം മൊബൈൽ ഫോൺ പ്രചാരത്തിൽ വന്നപ്പോഴുണ്ടായ വ്യത്യാസമെന്ത്?

Scanned by TapScanner

a. ലക്ഷക്കണക്കിന് ആളുകൾ ഫോണിനുള്ള വെയിറ്റിങ്ങ് ലിസ്റ്റിൽ ഉൾപ്പെട്ടു.
b. ഫോൺ കമ്പനിക്കാർ വരിക്കാരെ ആകർഷിക്കാൻ മത്സരിച്ചു.
c. കൈവശം വയ്ക്കാൻ ലൈസൻസ് വേണ്ടിയിരുന്നു.
d. ജനങ്ങൾ മാറ്റത്തെ ഉൾക്കൊള്ളാൻ തയാറായില്ല.

3. റോബിൻ ജെഫ്രിയുടെ അഭിപ്രായത്തിൽ ചെരുപ്പിന്റെ കണ്ടുപിടുത്തത്തിനു ശേഷം അകലങ്ങളെയും വിനിമയത്തെയും മറ്റിമറിച്ച കണ്ടുപിടുത്തം ഏതാണ്?
a. റേഡിയോ
b. ടെലിവിഷൻ
c. മൊബൈൽ
d. ഇന്റർനെറ്റ്

4. നാലു പതിറ്റാണ്ട് മുൻപ് ഇന്ത്യയിൽ ഒരു വീട്ടിൽ റേഡിയോ കൈവശം വയ്ക്കാനുണ്ടായിരുന്ന പ്രായോഗിക ബുദ്ധിമുട്ട് എന്തായിരുന്നു?
a. ലഭ്യമല്ലായിരുന്നു
b. വളരെ വേഗം നശിക്കുന്നു
c. പരിപാടികൾ ഉണ്ടായിരുന്നില്ല
d. ലൈസൻസ് വേണമായിരുന്നു

**II. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** **(4x1=4)**

1. വിപരീതപദം കണ്ടെത്തുക – സുകൃതം.
a. വികൃതം b ദൃഷ്കൃതം
c. വിസ്മൃതം d വിഷ്കൃതം

2. 'യുദ്ധം' എന്ന പദത്തിന്റെ ശരിയായ പര്യായപദം കണ്ടെത്തുക.
a. അരടർ, രണം b. വീരം, ശൗര്യം
c. രണം, അടർ d. ഫണം, അടർ

3. പ്രമാദം, പ്രമദം എന്നീ പദങ്ങളുടെ ശരിയായ അർഥവ്യത്യാസം കണ്ടെത്തുക
a. സന്തോഷം, തെറ്റ് b. തെറ്റ്, സന്താപം
c. ഓർമക്കേട്, തെറ്റ് d. ആന, സന്തതം

4. പാഞ്ചാലിയുടെ ശരിയായ പേരെന്ത്?
a. ദ്രുപതി b. ദ്രപതി
c. ദ്രൗപതി d. കുന്തി

5. കൗരവരുടെ ആദ്യ സേനാപതി ആരായിരുന്നു?
a. ഭീഷ്മർ b. ദ്രോണർ
c. അശ്വത്ഥാമാവ് d. കർണൻ

**III. ഏതെങ്കിലും രണ്ടെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം).** **(2x2=4)**

1. "ഭീഷ്മർ, കർണൻ, ദ്രോണർ, മുതലായവരൊക്കെയിരുന്നിട്ടും, പതിനൊന്നക്ഷൗഹിണിപ്പടയുണ്ടായിട്ടും, ഞാൻ ഈ നിലയിലായി"
a. ആരോടാണ് ദുര്യോധനൻ ഇത് പറയുന്നത്?
[സഞ്ജയനോട്, അശ്വത്ഥാമാവിനോട്, കൃപരോട്, കൃതവർമ്മാവിനോട്]
b. പാണ്ഡവർക്ക് എത്ര അക്ഷൗഹിണിപ്പടയാണ് ഉണ്ടായിരുന്നത്?
[ആറ്, ഏഴ്, എട്ട്, പത്ത്]

Scanned by TapScanner

2. "നിങ്ങൾ പല തവണ അധർമം ചെയ്ത പാണ്ഡവരെ വിശ്വസിച്ചു പോകരുതേ."
   a. ആരുടെ സംഭാഷണമാണിത്?
      [അശ്വത്ഥാമാവിന്റെ, കൃപരുടെ, ഭീഷ്മരുടെ, ദുര്യോധനന്റെ]
   b. പാണ്ഡവരിൽ മൂത്തപുത്രനാര്?
      [സുയോധൻ, കർണ്ണൻ, യുധിഷ്ഠിരൻ, ഭീമൻ]

3. "ആചാര്യ, വേഗത്തിൽ നിറകുടം കൊണ്ടു വരൂ"
   a. ഇവിടെ ആരെയാണ് 'ആചാര്യാ' എന്ന് വിളിക്കുന്നത്?
      [ ദ്രോണരെ, അശ്വത്ഥാമാവിനെ, കൃപരെ, ഭീമനെ]
   b. ആരുടെ സംഭാഷണമാണിത്?
      [സുയോധനന്റെ, അശ്വത്ഥാമിന്റെ, കൃപരുടെ, കൃതവർമാവിന്റെ]

**IV. കത്തെഴുതുക. (5 മാർക്ക്)** **(5)**

വർദ്ധിച്ചു വരുന്ന തെരുവുനായശല്യം കുറയ്ക്കുന്നതിനായി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്തെഴുതുക.

**V. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. (3)**

1. "കാലത്തെ ആർക്കും കവച്ചു കടക്കരുതല്ലോ" ദുര്യോധനന്റെ ഈ പ്രസ്താവനയോടുള്ള സ്വാഭിപ്രായം വ്യക്തമാക്കുക.
2. "ഇന്നു ഞാൻ സർവ പാഞ്ചാലരെയും വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും" ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

Scanned by TapScanner